# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1489

30.01.2018-ൽ മറുപടിക്ക്

## ഓഖി ദുരന്തം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.സി. ജോസഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തബാധിതർക്കായി ഇതിനോടകം നടപ്പിലാക്കിയ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) | 30/11/2017 ൽ കേരള തീരത്ത് നാശം വിതച്ച ഓഖി ചുഴലിക്കാറ്റ് മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും അപരിഹാര്യമായ നഷ്ടം വരുത്തിയിരിക്കുകയാണ്. 50 മത്സ്യത്തൊഴിലാളികൾക്ക് കടലിൽവെച്ച് ജീവഹാനി സംഭവിക്കുകയും കണ്ണൂർ മാപ്പിളബേയിലെ മത്സ്യബന്ധന തുറമുഖത്തിലെ ഹൈമാസ്റ്റ് ലൈറ്റ് തകർന്ന് വീണ് ഒരു മത്സ്യത്തൊഴിലാളിയും മരണമടഞ്ഞു. 104 മത്സ്യത്തൊഴിലാളികളെ കാണാതാവുകയും ചെയ്തിട്ടു ണ്ട്. ഒരു മൃതദേഹം ഇനിയും തിരിച്ചറിയാനു ണ്ട്. 221 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും വീടുകൾക്ക് ഭാഗികമായ നാശ നഷ്ടവും 3251 വീടുകൾ വാസയോഗ്യമല്ലാതാകുകയും 270 കുടിലുകൾ തകരുകയും ചെയ്തു. കൂടാതെ 384 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടവും സംഭവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മരണം, അപകടത്തിലുള്ള പരിക്ക്, മത്സ്യബന്ധന യാനങ്ങൾക്കും വീടുകൾക്കുമുള്ള നാശനഷ്ടം എന്നിവ സംഭവിച്ച മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ താഴെ പറയുന്ന ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിന്റെ ഇൻഷുറൻസ് തുകയായ 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ വീതം മരണമടഞ്ഞ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചു. ഇതിൽ 25 പേർക്കുള്ള ധനസഹായം ഇതിനകം തന്നെ വിതരണം ചെയ്തു. ബാക്കിയുള്ളവർക്ക് ഉടൻ വിതരണം ചെയ്യുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യ സ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്.<br><br>പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഓഖി ദുരന്തത്തെ തുടർന്ന് ഇനിയും തിരിച്ചുവരാത്തവരും കാണാതായവരുമായ എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; ഇവർക്ക് എന്തെല്ലാം സഹായം ഇതിനോടകം നൽകിയെന്നറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായിരുന്ന മത്സ്യത്തൊഴിലാളി കൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br><br>മരണമടഞ്ഞതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം നൽകുന്നതാണ്.<br><br>തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോടു ചേർന്ന് പ്രത്യേക പോലീസ് സംവിധാനത്തിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണമെന്നും ഇപ്രകാരം നിയമനം നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും 06/12/2017 ലെ സ.ഉ(കൈ) നമ്പർ 01/17/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകുന്ന അതേ നിരക്കിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ തീരുമാനമായിട്ടുണ്ട്. ഇവർക്ക് സാമ്പത്തിക സഹായം നൽകേണ്ട കാര്യത്തിൽ അടിയന്തര തീരുമാനം എടുക്കുന്നതിന് സഹായകമായ ശുപാർശ നൽകുന്നതിനും നിലവിലുള്ള നിയമ വ്യവസ്ഥകളിൽ പ്രത്യേക ഇളവ് നൽകുന്ന കാര്യത്തിൽ അടിയന്തര തീരുമാനം എടുക്കുന്നതിനുമായി റവന്യൂ, ആഭ്യന്തരം, എന്നീ വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാരെയും ഫിഷറീസ് വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു. |
| (സി) | കടലോരത്ത് താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് നൽകുന്നതിന് പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി |

കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിയ്ക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ആദ്യ ഘട്ടമായി പദ്ധതി നടപ്പിലാക്കുന്നത്.

കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിയ്ക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | **ആകെ** | **15000.00** |

സെക്ഷൻ ഓഫീസർ